# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 281 10.12.2012 -ൽ മറുപടിയ്ക്ക്**

**ഐ. എസ്. ആർ. ഒ. ശാസ്ത്രജ്ഞന് നഷ്ടപരിഹാരം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ പുരുഷൻ കടലുണ്ടി : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) | ഐ. എസ്. ആർ. ഒ. ശാസ്ത്രജ്ഞനായിരുന്ന നമ്പി നാരായണന് പത്ത് ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ ഹൈക്കോടതി വിധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) | വിധി പ്രകാരമുള്ള തുക നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ; | (ബി) നൽകിയിട്ടുണ്ട്, |
| സി) | നഷ്ടപരിഹാരം കൊടുക്കേണ്ടിവന്ന സാഹചര്യം വിശദമാക്കാമോ ; പ്രസ്തുത കേസിന്റെ ആദ്യഘട്ടത്തിൽ ഇടപെട്ട പോലീസുകാർ ആരൊക്കെയായിരുന്നു ; അവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കാനാണ് സി. ബി. ഐ. ശുപാർശ ചെയ്തിരിക്കുന്നത് ; ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കുകയുണ്ടായി ? | (സി) ശ്രീ നമ്പിനാരായണന് 10 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിക്കാൻ 2001-ൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാനസർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. ഇതിനെതിരെ സമർപ്പിച്ചിരുന്ന അപ്പീൽ ഹർജി തള്ളിക്കൊണ്ട്, ശ്രീ നമ്പി നാരായണന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായതു പ്രകാരമുള്ള നഷ്ടപരിഹാരം നൽകാൻ 07-09-2012 ലെ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ശ്രീ സിബി മാത്യൂസ്, ശ്രീ കെ. കെ. ജോഷ്വാ, ശ്രീ എസ്. വിജയൻ എന്നീ പോലീസ് ഉദ്യോഗസ്ഥരായിരുന്നു കേസിന്റെ ആദ്യഘട്ട അന്വേഷണം നടത്തിയിരുന്നത്. ചാരക്കേസ് അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് ചില വീഴ്ചകൾ ചൂണ്ടിക്കാട്ടികൊണ്ട് ഇക്കാര്യത്തിൽ ഉചിതമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കാനാണ് സി. ബി. ഐ. ആവശ്യപ്പെട്ടത്. കേസ് അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതില്ലെന്നായിരുന്നു സർക്കാർ തീരുമാനം. |

സെക്ഷൻ ഓഫീസർ